## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 854

30.6..2011 ൽ
മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ ഭൂമി വിതരണം

ചോദ്യം

ശ്രീ. എം.വി.ശ്രേയാംസ് കുമാർ

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വയനാട് ജില്ലയിലെ ഭൂരഹിത കുടുംബങ്ങളുടെ താലൂക്ക്തല വിശദാംശം വ്യക്തമാക്കുമോ; | എ) | ഭൂരഹിതരായ കുടുംബങ്ങളുടെ കണക്ക് താലൂക്കുകളിൽ സൂക്ഷിക്കാ-ത്തതിനാൽ അവ ലഭ്യമല്ല. |
| ബി) | ജില്ലയിലെ ഭൂരഹിത കുടുംബങ്ങൾക്കായുള്ള ഭൂമി വിതരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | ബി) | വയനാട് ജില്ലയിൽ 4232 പേർക്ക് വനാവകാശ നിയമ പ്രകാരം കൈവശ രേഖ നൽകിയിട്ടുണ്ട്. കൂടാതെ 553 പേർക്ക് കൈവശരേഖയും 341 പേർക്ക് മിച്ചഭൂമി പട്ടയവും 74 പേർക്ക് നാല് സെന്റ് കോളനി പട്ടയവും 233 പേർക്ക് ഭൂ പതിവ് പട്ടയവും നൽകിയിട്ടുണ്ട്. |
| സി) | സർക്കാരിന്റെ ലാന്റ് ബാങ്കിൽ ഉൾപ്പെട്ട വയനാട് ജില്ലയിലെ ഭൂമിയുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കാമോ; | സി) | വൈത്തിരി താലൂക്കിൽ 115.0754 ഏക്കർ (46.58 ഹെക്ടർ) ഭൂമിയും, മാനന്തവാടി താലൂക്കിൽ 116.097 ഹെക്ടർ ഭൂമിയും സുൽത്താൻ ബത്തേരി താലൂക്കിൽ 160.92 ഹെക്ടർ ഭൂമിയും സർക്കാരിന്റെ ലാന്റ് ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| ഡി) | വയനാട് ജില്ലയിലെ ഭൂരഹിതർ-ക്കായുള്ള ഭൂമി വിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ